കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# അമരമ്പലം ഗ്രാമപഞ്ചായത്ത്

2016-2017 വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട്

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.26/1619 /2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയ്യതി : 25-07-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് /(സെക്രട്ടറി ) മുഖേന

അമരമ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമരമ്പലം ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in.esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.എം.പി.എം.26/1619 /2017 തിയ്യതി: 25-07-2017

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.12.2016 മുതൽ 29.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എ.എസ്. ഷാജഹാൻ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 29.06.17 മുതൽ 11.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ . ടി.പി. അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ്സലീം..ടി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. രാമകൃഷ്ണൻ .ടി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി .സി സുജാത | 01-04.2016 മുതൽ 31-03-17 വരെ |

സെക്രട്ടറി

| | |
|---|---|
| അബ്ദുൾ ഗഫൂർ കെ എ | 01-04-16 മുതൽ 01-08-16 വരെ |
| അശോകൻ കെ | 03-08-16 മുതൽ 31-12-16 വരെ |

| | |
|---|---|
| ആന്റണി വി ജെ | 16-01-17 മുതൽ 31-03-17 വരെ |
| ശ്രീ.ടി.പി.ഹരിദാസൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്) | 02-08-16 & 01-01-17 മുതൽ 15-01-17 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ലിജു എബ്രഹാം | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.റോഷ്മ ടി.ജെ | 01.04.2016 മുതൽ 18.12.2016 വരെ |
| | ഡോ.ജിബിൻ ജോർജ് ടി | 19.12.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശാന്തകുമാരി .കെ എ | 01.04.2016 മുതൽ 01.07.2016 വരെ |
| | ശ്രീമതി. കെ പി റഹ്മത്ത് | 02.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷിജോയ് വി എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബിനുകുര്യൻ | 01.04.2016 മുതൽ 19.10.2016 വരെ |
| | നിഷ കെ | 19.10.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | പ്രദീപ് നെല്ലിക്കോടൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പർവീൺ പി റ്റി | 01.04.2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. സവിത പി പി | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| | | |
| അസി.എഞ്ചിനീയർ | മധുസൂദനൻ നായർ എം എസ് | 01-04 2016 മുതൽ 09-02-2017 വരെ |
| | ജോസ് എം പി | 10-02 2017 മുതൽ 31-03-2017 വരെ |
| അസി. സെക്രട്ടറി | ടി പി ഹരിദാസൻ | 01-04 2016 മുതൽ 21-12-2016 വരെ |
| | അബ്ദുൾ റഷീദ് .ഐ | 24-01. 2017 മുതൽ 31-03-2017 വരെ |
| | ഒഴിവ് | 22-12-16 മുതൽ 23-01-17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1. | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 | | |
| 11 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-1 | |
| 12 | തൊഴിൽ നികുതി - അപാകതകൾ | 2-2 | |
| 13 | ടൂട്ടോറിയൽ സ്ഥാപന രജിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല | 2-3 | |
| | ഭാഗം - 3 | | |
| 14 | വയോജന സൗഹൃദകെട്ടിടം സൗകര്യങ്ങൾ ഒരുക്കൽ - ചെലവുകളിൽ ഇരട്ടിപ്പ്. | 3-1 | |
| 15 | ചേലോട് കോളനി സംരക്ഷണഭിത്തി,കുടിവെള്ളം,റോഡ് കോൺക്രീറ്റ് | 3-2 | |

| | | | |
|---|---|---|---|
| | നിർമാണ പദ്ധതി: പ്രവൃത്തി പൂർത്തിയായിട്ടില്ല. | | |
| 16 | Transaction ഇല്ലാത്ത ബാങ്ക് അക്കൗണ്ട് close ചെയ്ത് നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല. | 3-3 | |
| 17 | മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-4 | |
| 18 | അച്ചനള കോളനിയിൽ മെഡിക്കൽ ക്യാമ്പ് - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-5 | |
| 19 | മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-6 | |
| 20 | പരിരക്ഷാപദ്ധതി - അപാകതകൾ | 3-7 | |
| 21 | വീട് നിർമാണം പൂർത്തീകരിച്ചില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ് | 3-8 | |
| | ഭാഗം 4 | | |
| 22 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജററ്

2016-17ലെ ബജറ്റ് 28-03-2016ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2016 | 05-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 22-11-2015 മുതൽ 23-11-2015 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

വാർഷിക കണക്കിലെ അപാകതകൾ.

1)വസ്തു നികുതി കണക്കുകളിൽ താഴെ പറയുന്ന പൊരുത്തക്കേടുകൾ ഉണ്ട്. ഇവ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

i).വസ്തു നികുതി AFS കണക്കുകളിലെ പൊരുത്തക്കേടുകൾ

| ഇനം | 15-16 AFS Balance Sheet | 16-17 AFS Receipt | 16-17 AFS Balance Sheet |
|---|---|---|---|
| Receivable for property tax on residential buildings arrear | 162612 | 264204 | 116521 |
| Receivable for property tax on non-resident buildings arrear | 1315393 | 226427 | 125867 |

ii). വസ്തു നികുതി AFS- ഡിമാന്റ് റജിസ്റ്റർ - പൊരുത്തക്കേടുകൾ

| ഇനം | AFS പ്രകാരം ഡിമാന്റ് | ഡിമാന്റ് റജിസ്റ്റർ പ്രകാരം ഡിമാന്റ് |
|---|---|---|
| Receivable for property tax on residential buildings arrear | 162612 | 327464 |
| Receivable for property tax on non-resident buildings arrear | 1315393 | 351092 |
| Receivable for property tax on non-resident buildings current | 426456 | 385455 |

2)അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുൻപുള്ള ആസ്തി ബാധ്യത തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ധനകാര്യ വിശകലനം

| | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,61,84,096 |
| വരവ് | 6,71,90,729 |
| ആകെ | 8,33,74,825 |
| ചെലവ് | 6,02,23,490 |
| നീക്കിയിരുപ്പ് | 2,31,51,335 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം | നീക്കിബാക്കി 40(b)പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 18727266 | 18727266 | 17265513 | 1461753 | 92 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | | |
| വികസനഫണ്ട് എസ്.സി.പി. | 0 | 7742610 | 7742610 | 5883525 | 1859085 | 76 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1844445 | 1844445 | 684000 | 1160445 | 37 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14537871 | 14537871 | 2241431 | 12296440 | 15 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5257065 | 5257065 | 2986714 | 2270351 | 57 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10503106 | 10503106 | 8553521 | 1949585 | 81 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5499953 | 5499953 | 3486858 | 2013095 | 63 | 0 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 1264 | 12305760 | 12307024 | 12306024 | 1000 | 99.99 | 1000 |
| ബി ഫണ്ട് | 0 | 46584085 | 46584085 | 46584085 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 192 | 10725000 | 114 | 47935124 | 10 | 78 | 68.4 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 6% വർദ്ധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4052141 | 4644056 | 591915 | (+)15 |
| നികുതിയേതര വരവുകൾ | 1493124 | 990838 | 502286 | (-)35 |
| മറ്റുവരവുകൾ | 213638 | 448941 | 235303 | (+)110 |
| ആകെ | 5758903 | 6083835 | 324932 | (+)6 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 556200 | 321 |
| കർഷകതൊഴിലാളി പെൻഷൻ | 6155560 | 720 |
| വിധവാപെൻഷൻ | 17835310 | 1698 |
| വാർദ്ധക്യകാലപെൻഷൻ | 16567490 | 1900 |
| വികലാംഗപെൻഷൻ | 3932875 | 428 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 1041650 | 96 |
| വിവാഹ ധനസഹായം | 450000 | 21 |

## 1-9 കാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-06-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7068 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ (ജി.ഒ.(ആർ.ടി)2487/16/ത.സ്വ.ഭ.വ. തീയതി 20-08-16) പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതികളിൽ ഒന്നിലും ആയത് പാലിച്ചിട്ടില്ല.

## 1-11 മററ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2017 | 11,12/2016 | 06.04.2017 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.09.2008 | 1997-98മുതൽ 2007-08വരെ | 14-11-2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - അപാകതകൾ

അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ഡി & ഒ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരം ഈടാക്കേണ്ട ഡി & ഒ ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത് .

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | ജോർജ് ജോസഫ്, റോയൽ പെട്രോളിയം, പൂക്കോട്ടുംപാടം | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) -1,50,000 രൂപ<br>ഈടാക്കിയത് -2000രൂപ (രശീതി നം.11502102892/22.02.2016)<br>ഈടാക്കേണ്ടത് -4000 രൂപ (ചട്ടം 7, പട്ടിക -iii ഡി & ഒ ലൈസൻസ് ചട്ടങ്ങൾ<br>കുറവ് - 2000 രൂപ |
| 2 | മാനേജർ, മാവേലി സ്റ്റോർ (കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ),<br>പൂക്കോട്ടുംപാടം | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) -20,000 രൂപ<br>ഈടാക്കിയത് -200രൂപ (രശീതി നം.11602101048/10.05.16)<br>ഈടാക്കേണ്ടത് -500 രൂപ (ചട്ടം 7, പട്ടിക -iii ഡി & ഒ ലൈസൻസ് ചട്ടങ്ങൾ )<br>കുറവ് - 300 രൂപ |
| 3 | വിജയകുമാർ.എം.പി,<br>മുതുകാട് പുത്തൻവീട്ടിൽ, മണ്ണാത്തിപൊയിൽ (പി ഒ)<br>പലചരക്ക്കട | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) -8,000 രൂപ<br>ഈടാക്കിയത് -100രൂപ (രശീതി നം.510023/24.02.2016)<br>ഈടാക്കേണ്ടത് -200 രൂപ(ചട്ടം 7, പട്ടിക -iii ഡി & ഒ ലൈസൻസ് ചട്ടങ്ങൾ )<br>കുറവ് - 100 രൂപ |
| | ആകെ കുറവ് | 2400 രൂപ |

കുറവ് തുക മേൽ കച്ചവടക്കാരിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്തു ഫണ്ടിലൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)1996 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം12 3(ഡി) പ്രകാരം അഞ്ച് കുതിരശക്തിയിൽ കവിയുന്ന

യന്ത്രമുപയോഗിച്ച കൊണ്ടും പരിസര മലിനീകരണം ഉണ്ടാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഇതര സ്ഥാപനങ്ങളുടെ പ്രത്യേക അനുമതിപത്രം ലഭ്യമാക്കേണ്ടതുണ്ട് .

എന്നാൽ, അമരമ്പലം ക്ലൈ പ്രോഡക്റ്റ് എന്ന സ്ഥാപനത്തിന് 2016-17 വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിന് ജിയോളജി വകുപ്പിൽ നിന്നും 19.01.2015 മുതൽ 16.02.2015 വരെ Laterite Building Stone ഖനനം ചെയ്യുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആയത് പ്രധാന അസംസ്കൃത വസ്തുവാകയാൽ തുടർന്ന് ഖനനം നടക്കുന്നുണ്ടെന്ന വിവരം പരിശോധിച്ച് ഉറപ്പാക്കുകയോ, ജിയോളജിയിൽ നിന്നും വീണ്ടും ഖനനാനുമതി വാങ്ങുകയോ ചെയ്തതായി കാണുന്നില്ല. അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അപാകതകൾ

അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) താഴെ പറയുന്ന വ്യക്തികൾ /സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പേര് | റിമാർക്സ് |
|---|---|---|
| 1 | വിദ്യാ കോളജ്, പൂക്കോട്ടുംപാടം | 2016-17 രണ്ട് അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി |
| 2 | ഭരത് കോളജ്, പൂക്കോട്ടുംപാടം | 2016-17 രണ്ട് അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി |
| 3 | അക്കൗണ്ടന്റ്, സി.ഡി.എസ്, പൂക്കോട്ടുംപാടം | 2016-17 രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി |
| 4 | പരിരക്ഷാ നെസ്റ്റ് | 2016-17 രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി |
| 5 | ബി.എസ് ഏജൻസീസ് ആന്റ് ഗാർമെന്റ്സ്, പൂക്കോട്ടുംപാടം | 2016-17 രണ്ട് അർദ്ധ വർഷങ്ങളിലെയും സ്ഥാപന /ജീവനക്കാരുടെ തൊഴിൽ നികുതി |

2)കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്.

2016-17 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം വ്യാപാരികളിൽ നിന്നും തൻവർഷം 13,770 രൂപയും, മുൻവർഷ കുടിശ്ശികയിനത്തിൽ 11,090 രൂപയും തൊഴിൽ നികുതി കുടിശ്ശിക (ആകെ - 24,860 രൂപ) ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. നികുതി ഈടാക്കുവാൻ അവശേഷിക്കുന്നവരുടെ വിവരം രേഖപ്പെടുത്തിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/07.07.17)നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭിച്ചു.

3)ബി എസ് എൻ എൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

WP( c) No. 16670/06 നമ്പർ തീയതി 07-09-2016 കേസിന്റെ അന്തിമ വിധിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 2-3 ട്യൂട്ടോറിയൽ സ്ഥാപന രജിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു ഗ്രാമ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനു മുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ, ഫോറം 5 ൽ 50 രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | അക്ഷയ കേന്ദ്രം, അഞ്ചാമൈൽ | |
| 2 | കരിയർ പി.എസ്.സി കോച്ചിംഗ് സെന്റർ,പൂക്കോട്ടുംപാടം | |
| 3 | ഫീനിക്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, പൂക്കോട്ടുംപാടം | |

മേൽ സ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരം രജിസ്ട്രേഷൻ ഫീസ് പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വയോജന സൗഹൃദകെട്ടിടം സൗകര്യങ്ങൾ ഒരുക്കൽ - ചെലവുകളിൽ ഇരട്ടിപ്പ്.

വയോജന സൗഹൃദ പരിപാടി കെട്ടിടവുമായി ബന്ധപ്പെട്ട് 2016-17-ൽ താഴെ പറയുന്ന 2 പ്രൊജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. 1. വയോജന സൗഹൃദകെട്ടിടം വയറിംഗ്. 2. വയോജന മന്ദിരത്തിലേക്ക് ഇലക്ട്രിക്കൽ-ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ. രണ്ട് പ്രൊജക്ടുകളും ഒരേ സമയത്താണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. സെക്രട്ടറി നിർവ്വഹണം നടത്തിയ വയറിംഗ് പ്രൊജക്ടിലെ ഇനം 10 എസ്റ്റിമേറ്റ് പ്രകാരവും അളവ് പുസ്തകം II(54) പ്രകാരവും 14824രൂപ ചെലവിൽ 8 ഫാനുകൾ ഫിറ്റ് ചെയ്യലാണ്. വയറിംഗ് ജോലികൾ അളവ് പുസ്തകം പ്രകാരം 23.3.17 മുതൽ 28.3.17 വരെയുള്ള ദിവസങ്ങളിലാണ് ചെയ്തിട്ടുള്ളത്. 3 റൂമുകൾ മാത്രമുള്ള ഈ കെട്ടിടത്തിലേക്ക് ആവശ്യമായത്ര ഫാനുകൾ വയറിംഗ് പ്രൊജക്ടിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജന മന്ദിരത്തിലേക്ക് ഇലക്ട്രിക്കൽ-ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്റ്റിൽ നിന്നും 12050 രൂപ ചെലവഴിച്ച് വീണ്ടും 2 സീലിംഗ് ഫാനുകളും 3 വാൾ ഫാനുകളും വാങ്ങിയിട്ടുണ്ട്. ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജന മന്ദിരത്തിലേക്ക് ഇലക്ട്രിക്കൽ-ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ടിൽ വാങ്ങിയ ഉപകരണങ്ങൾ 5.7.2017

ന് സംയുക്ത ഭൗതിക പരിശോധന നടത്തി. ഇലക്ട്രാ ഏജൻസീസ്, നിലമ്പൂർ എന്ന സ്ഥാപനത്തിന്റെ 27/3/22017-ലെ 5985 നമ്പർ ഇൻവോയിസ് പ്രകാരം ആകെ 64545 രൂപ വിലയുള്ള താഴെ പറയുന്ന ഉപകരണങ്ങളാണ് വാങ്ങിയത്.

| ഇനം | എണ്ണം | വാറ്റ് ഉൾപ്പെടെ ആകെ വില |
|---|---|---|
| സ്റ്റബിലൈസർ | 1 | 1295 |
| 40" LED പാനസോണിക് ടി.വി. | 1 | 33500 |
| സീലിംഗ് ഫാൻ | 2 | 3050 |
| വാട്ടർ പ്യൂരിഫയർ | 1 | 12700 |
| ഇൻഡക്ഷൻ കുക്കർ | 1 | 3000 |
| വാൾ ഫാൻ | 3 | 9000 |
| സെറ്റ് അപ് ബോക്സ് | 1 | 2000 |

ഉപകരണങ്ങൾ പരിശോധന സമയത്തും ഇൻസ്റ്റാൾ ചെയ്യുകയോ കവറിൽ നിന്നെടുക്കുകയോ പ്രവർത്തനക്ഷമത പരിശോധിച്ചുറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല. കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. പ്രൊജക്റ്റുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നതിലും ആവശ്യമായ ഏകോപനമില്ലാത്തതു വഴി ഗ്രാമപഞ്ചായത്തിന് 12050 രൂപയുടെ അനാവശ്യമായ ചെലവ് വന്നിട്ടുണ്ട്.

കൂടാതെ 2017 മാർച്ചിൽ തന്നെ ആവശ്യമായ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച കെട്ടിടം ഓഡിറ്റ് സമയത്തും നിഷ്ക്രിയ ആസ്തിയായി അടച്ചിട്ടിരിക്കുകയാണ്. അധികം വാങ്ങിയ സാധനങ്ങളുടെ ക്രമീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-2 ചേലോട് കോളനി സംരക്ഷണഭിത്തി, കുടിവെള്ളം, റോഡ് കോൺക്രീറ്റ് നിർമ്മാണ പദ്ധതി: പ്രവൃത്തി പൂർത്തിയായിട്ടില്ല.

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: ചേലോട് കോളനി സംരക്ഷണഭിത്തി, കുടിവെള്ളം, റോഡ് കോണ്ക്രീറ്റ് നിർമ്മാണ പദ്ധതി:

അടങ്കൽ: 1500000 രൂപ.

കരാറുകാരൻ: ഷൗക്കത്തലി സി.

കരാർ: 02/16-17/6-6-16 (22.10% below E/R)

അളവ് പുസ്തകം: 02/16-17

ചെലവ്: 528548 രൂപ (വൗച്ചർ നംപർ 87/16-17/18-11-16)

നിലമ്പൂർ ITDP പ്രോജക്റ്റ് ഓഫീസർ, E-8049/2013/6-10-2015 നമ്പർ പ്രകാരം ഭരണാനുമതി നൽകിയ, ചേലോട് ST കോളനിയുടെ സമഗ്ര വികസനത്തിന് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ടതാണ് മേൽ പ്രവൃത്തി. തുറന്ന കിണർ കുഴിച്ച് കോളനിയിൽ കുടിവെള്ളമെത്തിക്കൽ, റോഡ് കോൺക്രീറ്റ്, സൈഡ് പ്രൊട്ടക്ഷൻ എന്നിവയാണ് ചെയ്യേണ്ട പ്രവൃത്തികൾ. റോഡ് കോൺക്രീറ്റ്, സൈഡ് പ്രൊട്ടക്ഷൻ എന്നീ പ്രവൃത്തികൾ നടത്തി ആയതിന്റെ തുക മേൽ പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. 5-7-2017 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തി. മേൽ പ്രവൃത്തിക്ക് പുറമേ, കിണർ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം 5-12-16 ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി, കിണറിന്റെ വ്യാസം കൂട്ടേണ്ടതുകൊണ്ടും കിണറിൽ വെള്ളം നിലനിർത്താൻ ഏപ്രിൽ-മെയ് മാസങ്ങളിൽ കിണർ കുഴിക്കുന്നത് ഉചിതമായിരിക്കുന്നതുകൊണ്ടും പ്രവൃത്തി സമയം ദീർഘിപ്പിക്കുന്നതിന്

കരാറുകാരൻ അപേക്ഷിക്കുകയും 31-5-17 വരെ ദീർഘിപ്പിക്കാൻ AE ശുപാർശ ചെയ്യുകയുമുണ്ടായി.

എന്നാൽ പ്രവൃത്തി നാളിതുവരെയും (7-7-2017) പൂർത്തീകരിച്ചിട്ടില്ല. കാലതാമസത്തിന്റെ കാരണം, പ്രവൃത്തിയുടെ പൂർത്തീകരണ നടപടികൾ എന്നിവ വിശദമാക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 3/07-07-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 Transaction ഇല്ലാത്ത ബാങ്ക് അക്കൗണ്ട് close ചെയ്ത് നീക്കിയിരിപ്പ് തുക തിരിച്ചടച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ: വി ഇ ഒ

ജനറൽ വീട് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 22-06-2009 ന് ഹരിദാസൻ നായർ VEO യുടെ പേരിൽ അമരമ്പലം സർവീസ് സഹകരണ ബേങ്കിൽ 11932 നമ്പർ അക്കൗണ്ട് തുടങ്ങുകയും 24-06 2009 ൽ 200000 രൂപ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 15-12-2010 ന് ശേഷം ഈ അക്കൗണ്ടിൽ transaction നടന്നിട്ടില്ല. 31-03-2017 ന് ഈ അക്കൗണ്ടിൽ 68611 രൂപ നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പ് തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്പോസിറ്റ് ചെയ്ത 200000 രൂപ ഏത് ഫണ്ടിനത്തിലുള്ളതാണെന്നും നീക്കിയിരിപ്പ് തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കേണ്ടതും ഈ അക്കൗണ്ട് close ചെയ്ത് തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി അക്കാര്യം അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഇക്കാര്യമുന്നയിച്ച് നൽകിയ 10/11-07-2017 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-4 മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.122/2017

ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക -2,00,000 രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം))

ബിൽ നം.1/16-17 തി.18.11.2016

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ഹോമിയോ

പദ്ധതി പ്രകാരം 2,00,000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 'ഹോംകോ'ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 68,530 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത് അവശേഷിച്ച 1,31,470 രൂപക്കുള്ള മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ടി തുക തടസ്സം ചെയ്യുന്നു.

## 3-5 അച്ചനള കോളനിയിൽ മെഡിക്കൽ ക്യാമ്പ് - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 132/2017

വിനിയോഗിച്ച തുക – 19,000 രൂപ

ബിൽ നം. 5/16-17/30.03.2017

നിർവ്വഹണം -മെഡിക്കൽ ഓഫീസർ, പി എച്ച് സി, അമരമ്പലം

പദ്ധതി പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിലെ അച്ചനള പട്ടികവർഗ്ഗ കോളനിയിൽ 20.05.2016,

11.06.2016, 19.12.2016 തീയ്യതികളിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതിനാണ് തുക വിനിയോഗിച്ചിട്ടുള്ളത്. ക്യാമ്പ് നടത്തിയതിന്റെയും, നടത്തിയ പ്രവർത്തനങ്ങളുടെയും, പങ്കെടുത്തവരുടെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/07.07.17) മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക (19,000 രൂപ) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 മുഴുവൻ മരുന്നുകളും ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.39/2016

പി.എച്ച്.സി. ക്ക് മരുന്നു വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക -1,99,994 രൂപ

ബിൽ നം.2/16-17 തി.14.03.2017

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി എച്ച് സി, തേൾപ്പാറ

പദ്ധതി പ്രകാരം 1,90,000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കാരുണ്യാ ഫാർമസി, നിലമ്പൂരിന് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

കൂടാതെ, മരുന്നു വാങ്ങുന്നതിന് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കിയ ശേഷം അതിൽ നിന്നും സ്റ്റേഷനറി ഇനത്തിൽ 9994 രൂപ ചെലവഴിച്ചിട്ടുണ്ട്. കണ്ടിജന്റ് ചെലവുകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും തുക ലഭ്യമാകുമെന്നിരിക്കെ പ്രോജക്റ്റിന്റെ ഭാഗമല്ലാത്ത തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകത വീണ്ടും ആവർത്തിച്ചിട്ടുണ്ട്. പ്രോജക്റ്റിൽ വിഭാവനം ചെയ്തതിൽ പ്രകാരം പദ്ധതി പണം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പരിരക്ഷാപദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.115/ 2017

പരിരക്ഷാ പദ്ധതി

വിനിയോഗിച്ച തുക -5,61,400രൂപ

ബിൽ നം. 3/16-17/21.03.2017 – 3,28,700 രൂപ

ബിൽ നം. 4/16-17/30.03.2017 – 63,500രൂപ

ബിൽ നം. 1/16-17/25.10.2016 – 1,69,200രൂപ
നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി എച്ച് സി,അമരമ്പലം

പദ്ധതി പ്രകാരം പരിരക്ഷാപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് മരുന്നുവാങ്ങൽ, പരിരക്ഷാ നേഴ്സിന്റെ ശമ്പളം, വാഹനവാടക, പരിരക്ഷാ നേഴ്സിന്റെ ഫോൺ അലവൻസ്, മരുന്നു വാങ്ങൽ എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബിൽ നം.3/16-17/21.03.2017 പ്രകാരം 2,00,000 രൂപ മരുന്നു വാങ്ങുന്നതിനായി കാരുണ്യാ ഫാർമസി, നിലമ്പൂരിന് നൽകുകയാണ് ചെയ്തിട്ടുള്ളത്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം, മരുന്നിന്റെ സ്റ്റോക്ക്, ഇഷ്യൂ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

2) ജി ഒ (പി)3/2013 എസ് പി ഡി തി. 21.06.2013 പ്രകാരം 1,00,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ടെണ്ടർ മുഖേനയായിരിക്കേണ്ടതാണ്. എന്നാൽ പരിരക്ഷാ പദ്ധതിക്കായി വാഹന ചെലവ് ഇനത്തിലാണ് കൂടുതൽ തുകയും (1,00,000 രൂപയിലധികം) ചെലവഴിച്ചതെങ്കിലും ഇതു

സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

3)താഴെ പറയുന്ന തീയ്യതികളിൽ പരിരക്ഷാ മാസാന്ത്യ റിവ്യൂ മീറ്റിംഗുകളിൽ റീഫ്രഷ്മെന്റ് ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മീറ്റിംഗ് മിനട്സ് പരിശോധിച്ചതിൽ പ്രസ്തുത തീയ്യതിയിൽ മീറ്റിംഗ് നടത്തിയത് കണ്ടില്ല.

| ക്രമനം. | ചെലവഴിച്ച തുക | ബിൽ നം./തീയ്യതി | മീറ്റിംഗ് തീയ്യതി |
|---|---|---|---|
| 1 | 1000 രൂപ | 1/16-17/25.10.2016 | 10.05.2016 |
| 2 | 1000 രൂപ | 1/16-17/25.10.2016 | 14.06.2016 |
| 3 | 1000 രൂപ | 1/16-17/25.10.2016 | 16.08.2016 |
| 4 | 1000 രൂപ | 4/16-17/30.03.2017 | 25.03.2017 |
| 5 | 1000 രൂപ | 3/16-17/21.03.2017 | 11.10.16 |
| 6 | 1000 രൂപ | 3/16-17/21.03.2017 | 20.10.16 |
| 7 | 1000 രൂപ | 3/16-17/21.03.2017 | 08.11.16 |
| 8 | 1000 രൂപ | 3/16-17/21.03.2017 | 29.11.16 |
| 10 | 1000 രൂപ | 3/16-17/21.03.2017 | 15.12.16 |
| 11 | 1000 രൂപ | 3/16-17/21.03.2017 | 31.01.17 |

മീറ്റിംഗ് നടക്കാതെ റീഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ തുക കാണിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായ 12000 രൂപ വിഴക്ക് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

കൂടാതെ, പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ജി ഒ (ആർ.ടി) 3217/2015 തസ്വഭവ. തി. 29.10.2015 പ്രകാരം ഒരു ദിവസം കുറഞ്ഞത് എട്ടു രോഗികളെയെങ്കിലും സന്ദർശിക്കത്തക്ക രീതിയിൽ ഹോംകെയർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. നിലവിൽ ആയത് പാലിക്കുന്നില്ല. 2016-17 അവസാനത്തിൽ 129 രോഗികളാണ് ഈ പദ്ധതിക്ക് കീഴിൽ ഉള്ളത്.

ഗ്രാമപഞ്ചായത്തിലെ കാൻസർ രോഗികൾ, ശരീരം തളർന്നു കിടപ്പിലായ രോഗികൾ, ദീർഘകാല ചികിൽസയും പരിചരണവും ആവശ്യമുള്ള രോഗികൾ തുടങ്ങി അവശത അനുഭവിക്കുന്ന രോഗികളുടെ ശാരീരികവും, മാനസികവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി, അനാവശ്യ ചെലവുകൾ ഒഴിവാക്കി, പൊതുസമൂഹത്തിന്റെ പരമാവധി പിന്തുണയോടെ കാര്യക്ഷമമായി നടപ്പിലാക്കുവാൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-8 വീട് നിർമാണം പൂർത്തീകരിച്ചില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ: വി ഇ ഒ

താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീട് നിർമാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | പ്രോജക്ട് വിശദാംശം | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|
| 1 | സനിത | നംപർ: 8/14<br>കരാർ: 39/13-14 | 100000 | 70000 |
| 2 | വിനീത | നംപർ: 8/14<br>കരാർ: 67/13-14 | 100000 | 90000 |

| | | | | |
|---|---|---|---|---|
| 2 | ഗൗരി | നംപർ: 134/15<br>കരാർ: 3/14-15 | 200000 | 180000 |
| 4 | വിജയലക്ഷ്മി | നംപർ: 134/15<br>കരാർ: 4/14-15 | 200000 | 140000 |
| 5 | കല്ല്യാണി | നംപർ: 176/16<br>കരാർ: 3/15-16 | 200000 | 80000 |
| 6 | സാറാമ്മ | നംപർ: 176/16<br>കരാർ: 17/15-16 | 200000 | 180000 |
| 7 | അന്നമ്മ | നംപർ: 8/14<br>കരാർ: 4/13-14 | 100000 | 40000 |

മേൽ ക്രമ നംപർ 7 പ്രകാരമുള്ള അന്നമ്മ എന്നവരുടെ വീട് 1015 സ്ക്വയർ ഫീറ്റ് ആയതിനാൽ ബാക്കി ഗഡു നൽകാൻ കഴിയില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല). അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ 40000 രൂപ തിരിച്ചീടാക്കാനും അവശേഷിക്കുന്നവരുടെ വീട് നിർമാണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിന് സബ്സിഡി | 200000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21600808 | 281970 | 0 | 281970 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21600809 | 1218030 | 0 | 1218030 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21600864 | 200000 | 0 | 200000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ | 21600810 | 607495 | 0 | 607495 |
| കെ എസ് ഇ ബി | വേങ്ങാപ്പരത-കരടികൈ റോഡിൽ പോസ്റ്റ് മാറ്റൽ | 216008013 | 5000 | 0 | 5000 |
| കെ എസ് ഇ ബി | വേങ്ങാപ്പരത-കരടികൈ റോഡിൽ പോസ്റ്റ് മാറ്റൽ | 216008014 | 9215 | 0 | 9215 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2016-17 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| സ്ഥിരനിക്ഷേപം - മലപ്പുറം ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് മലപ്പുറത്തിന്റെ 50 ബി ക്ലാസ് ഷെയറുകൾ | 5000 |
| ആകെ | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17വർഷത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തീയതി |
|---|---|---|---|---|
| 1990 | 3(8) | 5090 | ഷൗക്കത്തലി നവാസ്.പി, സെക്രട്ടറി | 11602105044\28.01.2017 |
| 2015-16 | 3(4) | 750 | മധുസൂദനൻനായർ, അസി.എഞ്ചീനീയർ | ചലാൻ നം. KL006858011201617/25.05.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളിൽ ഒന്നും തന്നെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | | 2016-2017 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67190729 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60223490 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 12000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 540470 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2400 | | ശ്രീ. കെ എ അബ്ദുൾഗഫൂർ, സെക്രട്ടറി |
| 3-7 | | 12000 | ഡോ.പർവ്വീണ്. പി.ടി. പി.എച്.സി മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,31,470 | ഡോ.സവിത.പി.പി., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-5 | 19000 | ഡോ.പർവ്വീൻ. പി.ടി, പി.എച്.സി മെഡിക്കൽ ഓഫീസർ |
| 3-6 | 1,90,000 | ഡോ.പർവ്വീൻ. പി.ടി, പി.എച്.സി മെഡിക്കൽ ഓഫീസർ |
| 3-7 | 2,00,000 | ഡോ.പർവ്വീൻ. പി.ടി, പി.എച്.സി മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ എ അബ്ദുൾഗഫൂർ, സെക്രട്ടറി | ലഭ്യമല്ല | കരുവാൻതൊടിക, വീട്<br>കല്ലാമൂല<br>മമ്പാട്ടുമൂല (പി.ഒ)<br>ചോക്കാട് |
| ഡോ.പർവ്വീൺ.പിടി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, അമരമ്പലം | കളത്തിങ്ങതൊടിക വീട്, മൈലാടി, |

| | | |
|---|---|---|
| | | എരഞ്ഞിമങ്ങാട്, നിലമ്പൂർ – 679329 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം5/706/2000 തീയ്യതി 19.4.13 | 10 | |
| 1997-98 | എൽ.എഫ്.എം5/906/2000 തീയ്യതി 19.4.13 | 7 | |
| 1998-99 | എൽ.എഫ്.എം5/907/2000 തീയ്യതി 6.6.10 | 7 | |
| 1999-00 | എൽ.എഫ്.എം5/908/2000 തീയ്യതി 19.4.13 | 3 | |
| 2000-01 | എൽ.എഫ്.എം5/909/2000 തീയ്യതി 19.4.13 | 7 | |
| 2001-02 | എൽ.എഫ്.എം5/910/2000 തീയ്യതി 20.4.13 | 2 | |
| 2003-04 | എൽ.എഫ്.എം5/911/2000 തീയ്യതി 20.4.13 | 2 | |
| 2004-05 | എൽ.എഫ്.എം5/2097/2008 തീയ്യതി 20.4.13 | 22 | |
| 2005-06 | എൽ.എഫ്.എം5/2532/2012 തീയ്യതി 20.4.13 | 12 | |
| 2007-08 | എൽ.എഫ്.എം5/28/2011 തീയ്യതി | 7 | |

| | | | |
|---|---|---|---|
| | 20.4.13 | | |
| 2008-09 | എൽ.എഫ്.എം5/703/2012 തീയ്യതി 20.4.13 | 18 | |
| 2009-10 | എൽ.എഫ്.എം5/666/2011 തീയ്യതി 31.5.2011 | 10 | |
| 10-11 | എൽ.എഫ്.എം5/506/2012 തീയ്യതി 2.5.12 | 9 | |
| 2011-12,12-13 | എൽ.എഫ്.എം5/1925/2014 തീയ്യതി 7.10.14 | 6 | |
| 2013-14 2014-15 | കെ.എസ്.എ. എം.പി.എം 26/763/16 തിയ്യതി 28.4.106 | 24 | |
| 2015-16 | കെ.എസ്.എ. എം.പി.എം 26/28/17 തിയ്യതി 02.02.16 | 12 | |

ഡെപ്യൂട്ടി ഡയറക്ടർ

# 5

# Audit Certificate

KSA-MPM.26/1619/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated .25-07-2017

Certified that I have examined the Annual Financial Statement of AMARAMBALAM GRAMA PANCHAYAT in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Amarambalam Grama Panchayat for the year 2016-17 except the

observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR

DISTRICT AUDIT OFFICE
MALAPPURAM

## 6

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.26 /1619/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951
തീയ്യതി.25-07-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിൻറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിററ് കാര്യാലയം
മലപ്പുറം ജില്ല